വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ അഭിരുചി വികാസത്തിനുതകുന്ന തരത്തിൽ പാഠ്യപദ്ധതി നാല് മോഡ്യൂളുകളാക്കണമെന്നും ഓരോ മോഡ്യൂളുകളുടെ അവസാനത്തിലും പ്രായോഗിക പരീക്ഷയും നിലവിലുള്ളതു പോലെ വാർഷിക എഴുത്തുപരീക്ഷയും നടത്തണമെന്നുമാണ് വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ളത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുകയും നിലവിലുള്ള കോഴ്സുകളുടെ ഘടനയിൽ മാറ്റം വരുത്തി കോഴ്സുകളുടെ പേരുകൾ പരിഷ്കരിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

സമിതിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് വി.എച്ച്.എസ്.ഇ-യുടേത്.

## മൊബൈൽ ഫോണിലൂടെ റവന്യൂ സർട്ടിഫിക്കറ്റുകൾ

**28 (*268)** ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ അപേക്ഷിക്കുവാനും ലഭിക്കുവാനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത സംവിധാനംവഴി ലഭിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സാങ്കേതികമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ ഉപയോഗിച്ച് ബ്രൗസർവഴി അപേക്ഷ നിലവിൽ നൽകാവുന്നതാണ്. എന്നാൽ ഇതിനായി മാത്രമുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ അപേക്ഷയുടെ തൽസ്ഥിതി Android Application വഴി, ടി സംവിധാനത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫോണിലൂടെ അറിയാനും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമാണ്.

(ബി) 24 തരം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതിയിലൂടെ മേൽപ്പറഞ്ഞ പ്രകാരം വിതരണം ചെയ്തുവരുന്നു.

(സി) കേരള സംസ്ഥാന ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, അക്ഷയ കേന്ദ്രങ്ങൾ എന്നിവരുടെ സാങ്കേതിക സഹായമാണ് ഇത്തരത്തിൽ നൽകി വരുന്നത്.

## ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി

29 (*269) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേരിടുന്നതിന് എന്തെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു ; വ്യക്തമാക്കുമോ ?